(എം) 6 ആഴ്ചക്കാലത്തേയ്ക്കാണ് സ്റ്റേ ഉത്തരവായിരുന്നത്. ഇപ്പോൾ സ്റ്റേ നിലവിലില്ല.

(എൻ) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ

88 (2144)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷന്റെ ഏകദേശ എസ്റ്റിമേറ്റ് എത്ര ലക്ഷം രൂപയാണ്, പ്ലാൻ-വിശദ എസ്റ്റിമേറ്റ് തയ്യാറായോ;

(സി) 1999-2000 ആണ്ടിലെ ബഡ്ജറ്റിൽ പ്രസ്തുത വർക്കിന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്നും അത് മൊത്തം തുകയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(ഡി) സ്ഥലം ലഭ്യമായ പരിതസ്ഥിതിയിൽ വടക്കൻ പറവൂർ സിവിൽ സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിന് തടസ്സം എന്തെങ്കിലും ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 200 ലക്ഷം രൂപ പ്ലാൻ തയ്യാറാക്കുന്നതിന് ചീഫ് ആർക്കിടെക്ടിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പണിക്ക് 16 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമുണ്ട്. ഇത് മൊത്തം തുകയുടെ 8 ശതമാനമുണ്ട്.

(ഡി)&(ഇ) മൊത്തം തുകയുടെ 20 ശതമാനമെങ്കിലും ബഡ്ജറ്റ് വിഹിതമുണ്ടെങ്കിൽ മാത്രമേ പണി ആരംഭിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകാറുള്ളൂ. മതിയായ ഫണ്ട് ലഭ്യമായാൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി മറ്റ് നടപടി ക്രമങ്ങളും പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

"സൗജന്യറേഷൻ"

89 (2145)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ദാരിദ്ര്യരേഖയിൽ താഴെയുള്ളവർക്ക് കാലവർഷക്കെടുതിയിലും മറ്റും സൗജന്യറേഷൻ നൽകുന്നതിന് ജില്ലകൾ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ്;

(ബി) ഈ വർഷം ഏതെല്ലാം ജില്ലകളിൽ സൗജന്യറേഷൻ നൽകി;

(സി) കടലോരപ്രദേശങ്ങളിൽ ജനങ്ങൾ കാലവർഷക്കെടുതിയിൽ തൊഴിൽ രഹിതരാകുമ്പോൾ അവർക്ക് സൗജന്യറേഷൻ നൽകാൻ മുൻഗണന നൽകുമോ?

ഉത്തരം

(എ) കാലവർഷം മൂലം ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങൾ ദുരിതമനുഭവിക്കുകയാണെന്നും തൊഴിൽരഹിതരായിത്തീർന്നെന്നും ആകയാൽ അവർക്ക് സൗജന്യറേഷൻ അനുവദിച്ച് നൽകേണ്ടതാണെന്നും ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സൗജന്യറേഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലെ ഫണ്ടിന്റെ പരിമിതി കാരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കാണ് മിക്കവാറും സന്ദർഭങ്ങളിൽ സൗജന്യറേഷൻ അനുവദിച്ച് നൽകുന്നത്. ഇങ്ങനെ സൗജന്യറേഷൻ അനുവദിച്ച് നൽകുന്നത് ജില്ലകൾ തെരഞ്ഞെടുത്തല്ല.

(ബി) ഈ വർഷം തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് സൗജന്യറേഷൻ അനുവദിച്ചു നൽകി.

(സി) കടലോരപ്രദേശങ്ങളിൽ സൗജന്യറേഷൻ അനുവദിച്ച് നൽകേണ്ട അവസ്ഥ സംജാതമായതായി ജില്ലാ കളക്ടർമാർ ശുപാർശ ചെയ്യുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിക്കുന്നതിന് സംവിധാനം

90 (2146) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണ പരിപാടി അനുസരിച്ച് ലക്ഷക്കണക്കിന് തുകയുടെ പ്രോജക്ടുകൾ അംഗീകരിച്ചുകൊടുത്തു കഴിഞ്ഞാൽ ഇവ നടപ്പാക്കുന്നത് എപ്രകാരമാണെന്ന് പരിശോധിക്കുന്നതിന് ഈ പ്രോജക്ടുകൾ അന്തിമമായി അംഗീകരിച്ചു കൊടുക്കുന്നവർക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള ഒദ്യോഗിക അധികാരം ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly